"ഭരണഭാഷ മാതൃഭാഷ"

## പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഷാനവാസ് എസ് ഐ.എ.എസ്.)

വിഷയം:- പൊതുവിദ്യാഭ്യാസം - സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം - ഹൈസ്കൂൾ വിഭാഗം (8, 9, 10 ക്ലാസുകൾക്ക്) അധികപ്രവൃത്തിസമയം നിശ്ചയിച്ചുകൊണ്ട് പുതുക്കിയ ക്ലാസ് സമയക്രമം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 31.05.2025 തീയതിയിലെ സ.ഉ(കൈ) നം. 100/2025/GEDN നമ്പർ ഉത്തരവ്.

### ഉത്തരവ് നം ഡി.ജി.ഇ/361 /2025-എസ്2(എ) (1) തീയതി : 10.06.2025

കേരളവിദ്യാഭ്യാസ അവകാശ നിയമ പ്രകാരം (RTE Act) എട്ടാം ക്ലാസ്സിനും, കേരള വിദ്യാഭ്യാസചട്ട പ്രകാരം (KER ) 9, 10 ക്ലാസ്സുകൾക്കും 220 പ്രവർത്തിദിനങ്ങളാണ് വേണ്ടത്. 220 പ്രവൃത്തിദിനങ്ങളിൽ 1100 ബോധനമണിക്കൂറുകളാണ് ലഭിക്കുന്നത്. ഇത് പ്രാവർത്തികമാക്കുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകൾക്ക് വെള്ളിയാഴ്ച്ചകൾ ഒഴികെയുള്ള പ്രവൃത്തിദിനങ്ങളിൽ എല്ലാ ദിവസവും രാവിലെ 15 മിനിറ്റും, ഉച്ചയ്ക്ക്ശേഷം 15 മിനിറ്റും (ആകെ 30 മിനിറ്റ്) അധികപ്രവൃത്തി സമയം നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽസാഹചര്യത്തിൽ 8 മുതൽ 10 വരെയുള്ള ഹൈസ്കൂൾ വിഭാഗത്തിന് വെള്ളിയാഴ്ച്ച ഒഴികെയുള്ള ദിവസങ്ങളിൽ ചുവടെ പറയും പ്രകാരം അധികപ്രവൃത്തിസമയം നിശ്ചയിച്ചുകൊണ്ട് ക്ലാസ് സമയക്രമം പുനഃക്രമീകരിച്ച് ഉടൻ പ്രാബല്യത്തിൽ വരുത്തി ഉത്തരവാകുന്നു.

| ഹൈസ്കൂൾ വിഭാഗം പുതുക്കിയ സമയക്രമം (രാവിലെ 9.45 മുതൽ ഉച്ചയ്ക്ക് ശേഷം 4.15 വരെ) | | | |
|---|---|---|---|
| പീരീഡ് | സമയം | | |
| 1 | 9.45 | 10.30 | 45 |
| 2 | 10.30 | 11.15 | 45 |
| ഇടവേള | 11.15 | 11.25 | 10 |
| 3 | 11.25 | 12.10 | 40 |
| 4 | 12.10 | 12.45 | 40 |
| ഇടവേള | 12.45 | 1.45 | 60 |
| 5 | 1.45 | 2.25 | 40 |
| 6 | 2.25 | 3.05 | 40 |
| ഇടവേള | 3.05 | 3.10 | 5 |
| 7 | 3.10 | 3.45 | 35 |
| 8 | 3.45 | 4.15 | 30 |

പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) സ്കൂളുകൾ മേൽ സമയക്രമം പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖകത്ത്സഹിതം )
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
3. എക്സിക്യൂട്ടീവ് ഓഫീസർ, KITE - അറിവിലേയ്ക്കും തുടർനടപടികൾക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നൽകുന്നു.
4. അഡീഷണൽ ഡയറക്ടർ (ജനറൽ & അക്കാദമിക്) സി.എമുഖേന
5. ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ–മേൽനടപടികൾക്കുവേണ്ടി
6. ജില്ലാവിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ – മേൽനടപടികൾക്കുവേണ്ടി
7. പ്രഥമാധ്യാപകൻ, എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ്/അൺ–എയ്ഡഡ് (അംഗീകൃതം) സ്കൂളുകൾക്കും (എ.ഇ.ഒ./ഡി.ഇ.ഒ. മുഖേന)
8. എല്ലാ മാനേജർമാർക്കും(എ.ഇ.ഒ./ഡി.ഇ.ഒ. മുഖേന)

CA to DGE